## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 954 — 11.03.2015 -ൽ മറുപടിയ്ക്ക്

### ജോബ് ഫെസ്റ്റ്

| ചോദ്യം<br>ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഉത്തരം<br>**ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര ജോബ് ഫെസ്റ്റുകളാണ് നടത്തിയതെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണ് നടത്തിയതെന്നും വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ഒൻപത് തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2012-13ൽ എറണാകുളം ജില്ലയിലും 2013-14 സാമ്പത്തിക വർഷത്തിൽ എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മൂന്ന് തൊഴിൽ മേളകളും സംഘടിപ്പിച്ചിട്ടുണ്ട്. 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും , 5 എംപ്ലോയബിലിറ്റി സെന്ററുകളെയും ഉൾപ്പെടുത്തി എറണാകുളം, നിലമ്പൂർ, പാലക്കാട്, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ "നിയുക്തി 2015" എന്ന പേരിൽ 5 ജോബ്ഫെയറുകളും സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇവയിൽ എത്ര ഉദ്യോഗാർത്ഥികൾ വീതം പങ്കെടുത്തു ; | (ബി) 2012-13 -ൽ എറണാകുളത്ത് 12000 പേരും 2013-14 വർഷം എറണാകുളം, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നടന്ന ജോബ്ഫെയറുകളിൽ 29011 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എറണാകുളം, നിലമ്പൂർ, കണ്ണൂർ, പാലക്കാട്, കൊല്ലം എന്നിവിടങ്ങളിലായി നടന്ന "നിയുക്തി 2015" എന്ന ജോബ്ഫെയറിൽ 42821 ഉദ്യോഗാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്. |
| (സി) എത്രപേർക്ക് നിയമനം നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ? | (സി) 22538 പേർക്ക്. |

സെക്ഷൻ ഓഫീസർ